പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2547 — 21.06.2012 -ൽ മറുപടിക്ക്.

## 100% വിജയം നേടിയ സ്കൂളുകൾക്ക് പ്രോത്സാഹനമായി ഒരു പ്രത്യേക ധനസഹായം നൽകുന്നതിന് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ.രാജേഷ് | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) 2011 - 12 അദ്ധ്യയനവർഷം സ്കൂൾ പഠനം നിർത്തിപോയ വിദ്യാർത്ഥികൾ ഉണ്ടോ; വിദ്യാഭ്യാസ ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ; അവരെ തുടർന്ന് പഠിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ; | (എ) വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (ബി) എസ്.എസ്.എൽ.സി, +2 പരീക്ഷകളിൽ 100% വിജയം നേടിയ എത്ര സർക്കാർ സ്കൂളുകൾ ഉണ്ട്; ഇത്തരം സ്കൂളുകൾക്ക് പ്രോത്സാഹനമായി സർക്കാർ ഒരു പ്രത്യേക ധനസഹായം നൽകുന്നതിന് തയ്യാറാകുമോ? | (ബി) 2011-12 അദ്ധ്യയന വർഷം നടന്ന എസ്.എസ്.എൽ.സി പരീക്ഷയിൽ 210 സർക്കാർ സ്കൂളുകളും, +2 പരീക്ഷയിൽ 8 സ്കൂളുകളും , വൊക്കേഷണൽ ഹയർ സെക്കന്ററി മേഖലയിൽ 56 സ്കൂളുകളും 100% വിജയം നേടി.<br>ഇത്തരം സ്കൂളുകൾക്ക് പ്രത്യേക ധനസഹായം നൽകുന്നതിനുള്ള പദ്ധതികളൊന്നും നിലവിൽ പരിഗണനയിലില്ല. |

(സി) പൊതുവിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കിയ അദ്ധ്യാപക ബാങ്കിൽ എത്ര അദ്ധ്യാപകരുണ്ട്. ഇവരിൽ എത്ര പേർക്ക് ശമ്പളം നൽകിയിട്ടുണ്ട്; വിവരം ലഭ്യമാക്കുമോ?

(സി) അദ്ധ്യാപക ബാങ്കിൽ ഉൾപ്പെട്ടിരുന്ന 2805 അധ്യാപകർക്ക് നിയമനാംഗീകാരം നൽകി ഇപ്പോൾ വിവിധ സ്കൂളുകളിൽ ജോലിചെയ്ത് വരുന്നു. 1159 റിട്രഞ്ചഡ് അധ്യാപകർക്കും 127 സ്പെഷ്യലിസ്റ്റ് അധ്യാപകർക്കും ട്രെയിനിംഗ് നൽകി താൽക്കാലികമായി ക്ലസ്റ്റർ കോർഡിനേറ്റർമാരായി നിയമനം നൽകാൻ ഉത്തരവായിട്ടുണ്ട്. താമസം വിനാ ഇവരുടെ തസ്തികകൾ സൂപ്പർ ന്യൂമററിയായി സൃഷ്ടിച്ച് ബാങ്കിലേയ്ക്ക് ഡിപ്ളോയ് ചെയ്യുന്നതാണ്. സർക്കാർ സ്കൂളുകളിൽ ജോലി ചെയ്യുന്ന പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ ബാങ്കിലേയ്ക്ക് ഡിപ്ളോയ് ചെയ്യാൻ ഉത്തരവായിട്ടുണ്ട്. പകരം പി.എസ്.സിയിൽ നിന്നും അധ്യാപകർ ജോയിൻ ചെയ്യുന്ന മുറയ്ക്ക് ഇവരെ ബാങ്കിലേയ്ക്ക് വിന്യസിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ